27
2022
മാർച്ച്
ഞായർ
മീനം 12

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 266 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-266 പേജ് 4. വില 2.00 രൂപ

02 തന്ത്രങ്ങൾ പൊളിഞ്ഞു; മുഖം രക്ഷിക്കാൻ റഷ്യ

03 സ്വകാര്യ ബസ്സുടമകൾ പിടിവാശി ഉപേക്ഷിക്കണം: മന്ത്രി ആന്റണി രാജു

04 ഇലക്ട്രിക് സ്കൂട്ടറിൻെറ ബാറ്ററി പൊട്ടിത്തെറിച്ചു അച്ഛനും മകളും മരിച്ചു

# അവശ്യ മരുന്നുകളുടെ വിലയിൽ വൻ വർധന

## ഏപ്രിൽ ഒന്ന് മുതൽ നിലവിൽ വരും

ന്യൂഡൽഹി: അവശ്യ മരുന്നുകളുടെ മൊത്തവിലയിൽ വൻ വർധനവ്. അവശ്യ മരുന്നകളുടെ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെയും മെഡിക്കൽ ഉപകരണങ്ങളുടെയും വിലയിൽ 10.7 % വർധനവാണ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അഥോറിറ്റി ഓഫ് ഇന്ത്യ പ്രഖ്യാപിച്ചത്.

പട്ടികയിൽ ഉൾപ്പെട്ട 800 മരുന്നുകളുടെ വില ഇതോടെ വർധിക്കും. മൊത്തവില സൂചികയുടെ അടിസ്ഥാനത്തിലാകും ചില്ലറ വിൽപനയ്ക്കുള്ള മരുന്നുകളുടെ വിലയും നിർണയിക്കുന്നത്. മരുന്നുകളുടെ ഉയർന്ന വില ഏപ്രിൽ ഒന്നു മുതൽ നിലിവിൽ വരും.

മരുന്നുകളുടെ വിലയിൽ കുത്തനെ ഉണ്ടാകുന്ന വർധന ജനങ്ങളെ പ്രതികൂലമായി ബാധിക്കും. രോഗികളുടെ അവകാശങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന ഓൾ ഇന്ത്യ ഡ്രഗ് ആക്ഷൻ നെറ്റ്വർക്ക് ഉൾപ്പടെയുള്ളവർ വിലക്കയറ്റത്തിനെതിരെ മുന്നറിയിപ്പുമായി രംഗത്തെത്തി.

എന്നാൽ, ഇതിനു മുൻപ് മൊത്ത വിലയിൽ നാലു ശതമാനം വർധനവുണ്ടായപ്പോഴും അവശ്യമരുന്നുകളുടെ ചില്ലറ വിലയിൽ മാറ്റമുണ്ടാകാത്ത സാഹചര്യവും ഉണ്ടായിട്ടുണ്ട്. എന്നാൽ, ഇത്തവണ 10 ശതമാനത്തിലേറെ വർധന ഉണ്ടായതിനാൽ ഇത് ചില്ലറ വിലയിലും പ്രതിഫലിക്കും എന്നു തന്നെയാണ് വിലയിരുത്തൽ.

പനി, ഇൻഫക്ഷനുകൾ, ഹൃദ്രോഗം, ഉയർന്ന രക്തസമ്മർദം, ത്വക്ക് രോഗങ്ങൾ, അനീമിയ തുടങ്ങിയവയ്ക്കുള്ള മരുന്നുകളുടെ വിലയാണ് ഇതോടെ വർധിക്കുന്നത്.

പാരസെറ്റാമോളിന് പുറമേ, ഫിനോർബാർബിറ്റോൺ, ഫിനൈറ്റോയിൻ സോഡിയം, അസിത്രോമൈസിൻ, സിപ്രോഫ്ലോക്സാസിൻ ഹൈഡ്രോക്ലോറൈഡ്, മെട്രോണൈഡസോൾ, ഫോളിക് ആസിഡ്, മിനറൽസ് എന്നിവയും വില കൂടുന്ന മരുന്നുകളിൽ ഉൾപ്പെടുന്നു.

കോവിഡ് രോഗികളുടെ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന പ്രിഡ്നിസോളോൺ സ്റ്റിറോയിഡുകളുടെയും വില കൂടും. മരുന്നുകൾക്കു പുറമേ കൊറോണറി സ്റ്റെന്റ്, നീ ഇംപ്ലാൻറസ് എന്നിവയുടെയും വില ഇതോടൊപ്പം വർധിക്കും.



അവശ്യ മരുന്നുകളുടെ വിലയിൽ ഒറ്റയടിക്ക് പത്തു ശതമാനത്തിൽ അധികം വില വർധിക്കുന്നത് ദീർഘകാലത്തിനിടെ ഇതാദ്യമായാണ്. സാധാരണയായി അവശ്യമരുന്നുകളുടെ വിലയിൽ പ്രതിവർഷം രണ്ടോ മൂന്നോ ശതമാനം മാത്രമാണ് വില വർധിച്ചിരുന്നത്.

മൊത്തവില സൂചികയിലെ വർധനവിൽ കഴിഞ്ഞ ജനുവരി മുതൽ മാറ്റമില്ലാതെ തുടരുന്നതിനാലാണ് മരുന്നുകളുടെ മൊത്ത വിലയും വർധിപ്പിക്കണമെന്ന് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അഥോറിറ്റി ഓഫ് ഇന്ത്യയോട് വാണിജ്യ മന്ത്രാലയത്തിലെ സാമ്പത്തിക ഉപദേഷ്ടാവ് നിർദേശിച്ചത്.

അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ വില 20% വരെ വർധിപ്പിക്കാൻ അനുവദിക്കണം എന്നാവശ്യപ്പെട്ട് ഡ്രഗ് മാനുഫാക്ചേഴ്സ് അസോസിയേഷനും രംഗത്തെത്തിയിട്ടുണ്ട്.

ഉത്പാദന ചെലവ് വർധിച്ചതിനാൽ മരുന്നുകളുടെ വില വർധിപ്പിക്കാൻ അനുവദിക്കണം എന്നാണ് ഇവരുടെ ആവശ്യം.

അവശ്യ മരുന്നു പട്ടികയുടെ പുറത്തുള്ള മരുന്നുകളുടെ വിലയിൽ പ്രതിവർഷം പത്തു ശതമാനം വരെ വർധിപ്പിക്കാനാണു നിലവിൽ അനുമതിയുള്ളത്.

# സംസ്ഥാനത്ത് 26 വരെ ഇടിമിന്നലോടുകൂടിയ മഴക്ക് സാധ്യത

**പി സെറ്റല്ലസ്**



തിരു:സംസ്ഥാനത്ത് 26 വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഉച്ചയ്ക്ക് രണ്ടു മുതൽ രാത്രി പത്തു വരെയുള്ള സമയത്താണ് ഇടിമിന്നലിനു സാധ്യത കൂടുതൽ. ഈ സമയത്ത് കൂടുതൽ ജാഗ്രത പുലർത്തണം. സാഹചര്യം മുൻനിർത്തി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പൊതുജനങ്ങൾക്കായി ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചു.ഇടിമിന്നൽ ദൃശ്യമല്ല എന്നതിനാൽ ഇത്തരം മുൻകരുതലുകൾ സ്വീകരിക്കുന്നതിൽനിന്നു വിട്ടുനിൽക്കരുതെന്നും അറിയിപ്പിൽ പറയുന്നു.

# പതിവ് തെറ്റില്ല; ഞായറാഴ്ചയും ഇന്ധന വില കൂടും

കൊച്ചി: ഇന്ധനവില ഞായറാഴ്ചയും വർധിപ്പിക്കും.

പെട്രോൾ ലിറ്ററിന് 55 പൈസയും ഡീസലിന് 58 പൈസയുമാണ് വർധിപ്പിക്കുന്നത്. ഇതോടെ കൊച്ചിയിൽ ഞായറാഴ്ച ഒരു ലിറ്റർ പെട്രോളിന് 108.31 രൂപയും ഡീസലിന് 95.49 രൂപയുമാകും.

ഇന്ന് പെട്രോൾ ലിറ്ററിന് 84 പൈസയും ഡീസലിന് 81 പൈസയുമാണ് വർധിച്ചത്.

# വേൾഡ് മലയാളീ കൗൺസിൽ ഗ്ലോബൽ നേതാക്കൾക്ക് സ്വീകരണം നൽകി

കഴിഞ്ഞ കാൽ നൂറ്റാണ്ടിലധികമായി ആഗോള തലത്തിൽ മലയാളികളുടെ സൗഹൃദ കൂട്ടായ്മയ്ക്കും, സർവോന്മുഖമായ ഉന്നമനത്തിനും ജീവകാരുണ്യ പ്രവർത്തന രംഗത്തും പ്രശംസനീയമാം വിധം സേവനം കാഴ്ചവയ്ക്കുന്ന വേൾഡ് മലയാളി കൌൺസിൽ അതിന്റെ ഗ്ലോബൽ ഭാരവാഹികൾക്ക് തിരുവനന്തപുരത്ത് സ്വീകരണം നൽകി. ഗ്ലോബൽ ചെയർമാൻ ശ്രീ ജോണി കുരുവിളയുടെ നേതൃത്വത്തിൽ ഒരുക്കിയ സ്നേഹ വിരുന്നിൽ ഗ്ലോബൽ ട്രഷറർ ജെയിംസ് കൂടൽ, അമേരിക്ക റീജിയൻ ഗ്ലോബൽ വൈസ് പ്രസിഡന്റ് ട. ഗ. ചെറിയാൻ, ഗ്ലോബൽ ബൈലോ കമ്മിറ്റി ചെയർമാൻ ഷിബു രഘുനാഥ് എന്നിവരെ ആദരിച്ചു. ഇന്ത്യ റീജിയൻ ചെയർമാൻ ഡ്യ. നടക്കൽ ശശി, ഗ്ലോബൽ വിമൻസ് ഫോറം ചെയർപേഴ്സൺ തങ്കമണി ദിവാകരൻ, ട്രാവൻകോർ പ്രൊവിൻസ് പ്രസിഡന്റ് സാം ജോസഫ്, രാജൻ മാളിയേക്കൽ എന്നിവർ ആശംസകൾ അറിയിച്ചു. പത്തനംതിട്ട ഡിസിസി ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് പഴകുളം മധു മുഖ്യ അഥിതി ആയിരുന്നു.



# സിൽവർ ലൈൻ പ്രതിഷേധത്തിന് പിന്നിൽ കോലീബി സഖ്യമെന്ന് കോടിയേരി

തിരുവനന്തപുരം: സിൽവർ ലൈൻ പ്രതിഷേധത്തിന് പിന്നിൽ കോലീബി സഖ്യമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. കെ റെയിലിൽ പ്രതിസന്ധി ഉണ്ടാക്കാൻ യുഡിഎഫും ബിജെപിയും മുസ്ലിം ലീഗും ചേർന്ന് ശ്രമിക്കുകയാണ്.

ബിജെപി ജാഥയെ സ്വീകരിക്കാൻ ലീഗ് നേതാവ് പോകുന്നു. കോലീബി സഖ്യം ഇതിൽ നിന്ന് വ്യക്തമാണ്. സിൽവർ ലൈൻ പ്രതിഷേധവും ഇതിൻറെ ഭാഗമാണ്. ഇപ്പോൾ സംസ്ഥാന വ്യാപകമായി കോലീബി സഖ്യമുണ്ടാകുകയാണ്. 91ൽ വടകരയിലാണ് കോലീബി സഖ്യം ആദ്യം ഉണ്ടായത്. പഴയ സഖ്യത്തിൻറെ ഓർമ നടക്കുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

കല്ലിടുന്നത് കെ റെയിൽ കോർപറേഷൻറെ നിർദേശ പ്രകാരമാണ്. ഇക്കാര്യത്തിൽ സർക്കാരിൻറെ നിർദേശം ആവശ്യമില്ല. റവന്യൂ വകുപ്പല്ല കല്ലിടുന്നത്. കെ റെയിലാണ് കല്ലിടുന്നത്. സാമൂഹിക ആഘാത പഠന കല്ലിടലാണ് ഇപ്പോൾ നടക്കുന്നത്. ഇതിൽ അവ്യക്തത ഇല്ലെന്നും അദ്ദേഹം പറഞ്ഞു.

ഡിപിആറിന് അന്തിമ രൂപം ആയിട്ടില്ല. കെ റെയിൽ സംബന്ധിച്ച് സിപിഐക്ക് എതിർപ്പുണ്ടെങ്കിൽ പറയേണ്ടത് സിപിഐ സംസ്ഥാന സെക്രട്ടറിയാണ്. മറ്റാരെങ്കിലും പറയുന്നത് തങ്ങൾ കാര്യമാക്കുന്നില്ല. സിപിഐക്ക് എതിർപ്പുണ്ടങ്കിൽ അത് സിപിഎമ്മിൽ അറിയിക്കാനുള്ള അവകാശം ഇപ്പോൾ ഉണ്ട്.

നഷ്ടപരിഹാരം നൽകിയ ശേഷമേ ഭൂമി സർക്കാർ ഏറ്റെടുക്കൂ. സിൽവർ ലൈനിനു കേന്ദ്രം അന്തിമ അനുമതി നൽകിയില്ലെങ്കിൽ സംസ്ഥാന സർക്കാർ വേറെ വഴി നോക്കുമെന്നും കോടിയേരി ബാലകൃഷ്ണൻ കൂട്ടിച്ചേർത്തു.

# ഇന്ന് മുതൽ നാല് ദിവസം ബാങ്ക് അവധി; സഹകരണ ബാങ്കുകൾ ഇന്നും നാളെയും പ്രവർത്തിക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് മുതൽ നാല് ദിവസം ബാങ്കുകൾ പ്രവർത്തിക്കില്ല. രണ്ട് ദിവസത്തെ ബാങ്ക് അവധിയും രണ്ട് ദിവസത്തെ പൊതുപണിമുടക്കും കാരണമാണ് നാല് ദിവസം ബാങ്കുകളുടെ പ്രവർത്തനം തടസപ്പെടുന്നത്.

ഈ മാസത്തെ നാലാം ശനിയാഴ്ചയായ ഇന്നും ഞായറും കഴിഞ്ഞ് തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ അഖിലേന്ത്യാ പണിമുടക്കുകൂടി എത്തുന്നതോടെയാണ് നാല് ദിവസം അവധിയാകുന്നത്.

മാർച്ച് 30,31 ദിവസങ്ങൾ ബാങ്കുകൾ തുറന്നു പ്രവർത്തിക്കുമെങ്കിലും സാമ്പത്തിക വർഷാന്ത്യത്തിൻറെ തിരക്കിലായിരിക്കും. ബാങ്ക് ജീവനക്കാരുടെ ഒൻപത് സംഘടനകളിൽ മൂന്നെണ്ണം സംസ്ഥാനത്ത് പണിമുടക്കുന്നുണ്ട്.

ഓൾ ഇന്ത്യ ബാങ്ക് എംപ്ലോയീസ് അസോസിയേഷനും ഓൾ ഇന്ത്യ ബാങ്ക് ഓഫിസേഴ്സ് അസോസിയേഷനും ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ(ബെഫി)യുമാണു സമരത്തിൽ പങ്കെടുക്കുന്നത്. സംസ്ഥാനത്തെ ഭൂരിഭാഗം ജീവനക്കാരും ഈ സംഘടനകളിലെ അംഗങ്ങളാണ്.

അതേസമയം, സഹകരണ ബാങ്കുകൾക്ക് ഇന്നും നാളെയും തുറന്ന് പ്രവർത്തിക്കും. സഹകരണ രജിസ്ട്രാറാണ് ഇതു സംബന്ധിച്ച് ഉത്തരവിറക്കിയത്.

# സംസ്ഥാനത്ത് ഇന്ന് 496 പേർക്ക് കോവിഡ്; 141 മരണങ്ങൾ കൂടി




മികവുത്സവം സാക്ഷരതാപരീക്ഷ സംസ്ഥാനതല ഉദ്ഘാടനം കോട്ടൂർ വാലിപ്പാറ സെറ്റിൽമെന്റ് വെച്ച് പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 496 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 138, തിരുവനന്തപുരം 70, കോട്ടയം 56, കോഴിക്കോട് 43, പത്തനംതിട്ട 40, കൊല്ലം 29, തൃശൂർ 29, ആലപ്പുഴ 22, കണ്ണൂർ 19, ഇടുക്കി 15, മലപ്പുറം 11, പാലക്കാട് 10, വയനാട് 10, കാസർഗോഡ് 4 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 16,883 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 14,838 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 14,412 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 426 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 71 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 4,051 കോവിഡ് കേസുകളിൽ, 12 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. 141 കോവിഡ് മരണങ്ങളും ഇന്ന് റിപ്പോർട്ട് ചെയ്തു.

മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള മൂന്ന് മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 138 മരണങ്ങളുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അതേസമയം കഴിഞ്ഞ 24 മണിക്കൂറിനിടെ മരണങ്ങളൊന്നും കോവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 67,772 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ മൂന്ന് പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 462 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 26 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 5 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 693 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 113, കൊല്ലം 27, പത്തനംതിട്ട 50, ആലപ്പുഴ 5, കോട്ടയം 61, ഇടുക്കി 62, എറണാകുളം 172, തൃശൂർ 61, പാലക്കാട് 8, മലപ്പുറം 19, കോഴിക്കോട് 58, വയനാട് 34, കണ്ണൂർ 21, കാസർഗോഡ് 2 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 4,051 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 64,57,993 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## സീനിയർ റസിഡന്റ് വാക്ക് ഇൻ ഇന്റർവ്യു

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിൽ സീനിയർ റസിഡന്റ് തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ജനറൽ സർജറിയിൽ ഏഴിന് രാവിലെ 11നും ജനറൽ മെഡിസിനിൽ ഉച്ചയ്ക്ക് രണ്ടിനും അനസ്തേഷ്യോളജിയിൽ എട്ടിന് 11 മണിക്കും റേഡിയോഡയഗ്നോസിസിൽ 11ന് രാവിലെ 11നും ഡെർമറ്റോളജി ആൻഡ് വെനറോളജിയിൽ 12ന് 11 മണിക്കും ഓർത്തോപീഡിക്സ് വിഭാഗത്തിൽ 12ന് ഉച്ചയ്ക്ക് രണ്ടിനും ഇന്റർവ്യൂ നടത്തും. അതാത് വിഭാഗത്തിലുള്ള പി.ജിയും റ്റി.സി.എം.സി. രജിസ്ട്രേഷനും വേണം. പ്രതിമാസവേതനം 70,000 രൂപ. ഒരു വർഷമാണ് കരാർ കാലാവധി. ജനനതീയതി, വിദ്യാഭ്യാസയോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ ഹാജരാകണം.

## ഡിജിറ്റൽ റീസർവേ: 1500 സർവയർമാരേയും 3200 ഹെൽപർമാരെയും നിയമിക്കുന്നതിന് അനുമതിയായി

സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവേ പദ്ധതിയുടെ ഒന്നാം ഘട്ടം വേഗത്തിൽ പൂർത്തിയാക്കാനായി 1500 സർവയർമാരെയും 3200 ഹെൽപർമാരെയും കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിന് സർവേ ഡയറക്ടർക്ക് അനുമതി നൽകി സർക്കാർ ഉത്തരവായി. ജില്ലാ അടിസ്ഥാനത്തിലാണ് നിയമിക്കുക. ജില്ലാ കളക്ടർ ആയിരിക്കും നിയമനാധികാരി.

എസ്. എസ്. എൽ. സിയോ തത്തുല്യ യോഗ്യതയോ ഉണ്ടാവണം. മൂന്നു മാസത്തെ ചെയിൻ സർവേ, സർവേ ടെസ്റ്റ് ലോവർ സർട്ടിഫിക്കറ്റ്, സർവേയർ ട്രേഡിൽ ഐ. ടി. ഐ സർട്ടിഫിക്കറ്റ്, എം. ജി. ടി. ഇ/ കെ. ജി. ടി. ഇ, ഡിപ്ലോമ ഇൻ സിവിൽ എൻജിനിയറിങ്, ഡിപ്ലോമ ഇൻ ക്വാണ്ടിറ്റി സർവേയിംഗ് ആന്റ് കൺസ്ട്രക്ഷൻ മാനേജ്മെന്റ് സർട്ടിഫിക്കറ്റ്, മോഡേൺ സർവേ കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവയിലൊരു യോഗ്യതയും സർവേയർക്ക് ഉണ്ടായിരിക്കണം. സർക്കാർ, അർദ്ധ സർക്കാർ സേവനത്തിലുള്ളവർക്ക് അപേക്ഷിക്കാൻ കഴിയില്ല. നിയമിക്കപ്പെടുന്നവരുടെ ഭാഗത്തു നിന്ന് വീഴ്ച ബോധ്യപ്പെട്ടാൽ കരാർ റദ്ദാക്കും.

## ടെലിഫോൺ നമ്പർ മാറ്റം

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിലെ വിവിധ വിഭാഗങ്ങളിലേക്ക് നേരിട്ട് ബന്ധപ്പെടുന്നതിനായി പുതിയ ടെലിഫോൺ നമ്പറുകൾ നിലവിൽ വന്നു. വിശദാംശം വ്വേ:://സ ല്യ മ ഹ മ്യ ല ഴ ശ ്യേ മ ശേീ.ഴീ.ശി/ ൽ ലഭ്യമാണ്. പുതിയ നമ്പറുകൾ: ഓൺലൈൻ രജിസ്ട്രേഷൻ സംബന്ധിച്ച സംശയങ്ങൾ പരാതികൾ: 0471 2703423/22/21, പാർട്ട്ണർഷിപ്പ് ഫോമുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ: 0471 2703450/51/52/53/54, ചിട്ടി: 0471 2703482/83, രജിസ്ട്രേഷൻ ചട്ടങ്ങൾ, അണ്ടർവാലേഷൻ, ഇന്റേണൽ ഓഡിറ്റ്: 0471 2703430/33/38, ജനറൽ എൻക്വയറി: 0471 2703400.

## ഹോംസ്റ്റേകൾക്ക് ഇനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ ഒ സി ആവശ്യമില്ല: മന്ത്രി

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾക്ക് ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ ഒ സി ആവശ്യമാണെന്ന വ്യവസ്ഥ ഒഴിവാക്കാൻ തീരുമാനിച്ചതായി തദ്ദേശസ്വയംഭരണ മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു.

ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായാണ് തീരുമാനം. നിലവിൽ ഹോംസ്റ്റേകൾക്കായുള്ള ക്ലാസിഫിക്കേഷന് വേണ്ടി ടൂറിസം വകുപ്പിന്റെ അനുമതിയോടൊപ്പം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിരാക്ഷേപ പത്രം കൂടി ഹാജരാക്കണം. ഹോംസ്റ്റേകൾ നിർമിച്ച് കേരളത്തിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് കരുത്ത് പകരുന്ന സംരംഭകർക്ക് ഇത് പ്രയാസം സൃഷ്ടിക്കുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തതെന്ന് മന്ത്രി വ്യക്തമാക്കി.

## തന്ത്രങ്ങൾ പൊളിഞ്ഞു; മുഖം രക്ഷിക്കാൻ റഷ്യ



കീവ്: യുക്രെയ്ൻ സൈനികരുടെ പോരാട്ടവീര്യത്തിനു മുന്നിൽ പകച്ച റഷ്യ യുദ്ധലക്ഷ്യങ്ങൾ പുനർനിർവചിച്ച് മുഖം രക്ഷിക്കാൻ ശ്രമിക്കുന്നതായി സൂചന. അധിനിവേശത്തിൻറെ ഒന്നാംഘട്ടം അവസാനിച്ചുവെന്നും കിഴക്കൻ യുക്രെയ്നിലെ ഡോൺബാസ് മേഖലയുടെ വിമോചനത്തിലായിരിക്കും ഇനി ശ്രദ്ധ കേന്ദ്രീകരിക്കുകയെന്നും റഷ്യൻ സൈന്യം അറിയിച്ചു. റഷ്യയുടെ യുദ്ധതന്ത്രങ്ങൾ പരാജയപ്പെട്ടതിൻറെ വ്യക്തമായ സൂചനയാണിതെന്ന് പാശ്ചാത്യർ വിലയിരുത്തുന്നു.

കിഴക്കൻ യുക്രെയ്നിൽ റഷ്യൻ അതിർത്തിയോടു ചേർന്ന ഡോണറ്റ്സ്ക്, ലുഹാൻസ്ക് പ്രവിശ്യകൾ ഉൾപ്പെടുന്ന ഡോൺബാസ് മേഖല 2014 മുതൽ ഭാഗികമായി റഷ്യൻ അനുകൂല വിമതരുടെ നിയന്ത്രണത്തിലാണ്. ഡോൺബാസ് മുഴുവനായി പിടിച്ചെടുക്കുകയായിരുന്നു ലക്ഷ്യമെങ്കിൽ യുക്രെയ്നെ മുഴുവനായി വളഞ്ഞുള്ള അധിനിവേശം റഷ്യ നടത്തില്ലായിരുന്നു.

ദിവസങ്ങൾക്കകം തലസ്ഥാനമായ കീവ് കീഴടക്കാമെന്നു കരുതി യുദ്ധത്തിനിറങ്ങിയ റഷ്യക്ക് ഒരു മാസം പിന്നിട്ടിട്ടും യുക്രെയ്നിലെ ഒരു പ്രധാന നഗരംപോലും പിടിക്കാനായിട്ടില്ല. യുക്രെയ്ൻ പട്ടാളക്കാർ പാശ്ചാത്യശക്തികൾ നല്കിയ പരിശീലനവും മുന്തിയതരം ആയുധങ്ങളും ഉപയോഗിച്ചു ചെറുത്തപ്പോൾ റഷ്യക്ക് കനത്ത ആൾനാശവുമാണ് യുദ്ധസാമഗ്രികളുടെ നഷ്ടവും നേരിടേണ്ടിവന്നത്. റഷ്യയുടെ ഒരു ജനറലിനെക്കൂടി വധിച്ചതായി യുക്രെയ്ൻ അവകാശപ്പെട്ടു.

16,000നു മുകളിൽ റഷ്യൻ പട്ടാളക്കാരെ വധിച്ചുവെന്നാണ് യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കി അറിയിച്ചത്. റഷ്യ കഴിഞ്ഞദിവസം പുറത്തുവിട്ട കണക്കുകളിൽ മരണം 1,351 മാത്രമാണ്. അതേസമയം, റഷ്യൻ സേന ഉടൻ ആക്രമണം അവസാനിപ്പിക്കുമെന്ന സൂചനയില്ല. ആൾനാശം കുറയ്ക്കാനായി പീരങ്കി, വ്യോമാക്രമണങ്ങൾ വർധിപ്പിച്ചേക്കും.

കീവിൻറെ പ്രാന്തപ്രദേശങ്ങളിൽനിന്നു പിന്നോട്ടു പോയ റഷ്യൻ സേന പുതിയ ആക്രമണങ്ങൾക്കു മുതിരുന്നില്ല. യുദ്ധത്തിൻറെ തുടക്കത്തിൽ റഷ്യ കീഴടക്കിയ ഖേർസൺ നഗരം യുക്രെയ്ൻ പട്ടാളം തിരിച്ചു പിടിക്കുമെന്ന സൂചനയും യുഎസ് ഇൻറലിജൻസ് വൃത്തങ്ങൾ നല്കി.

പലായനം ചെയ്യുന്നവരുടെ എണ്ണത്തിൽ കുറവുണ്ടായതായി അതിർത്തി രാജ്യമായ പോളണ്ട് അറിയിച്ചു. യുഎസ് പ്രസിഡൻറ് ജോ ബൈഡൻ ഇന്നലെ പോളണ്ടിൽവച്ച് യുക്രെയ്ൻ വിദേശകാര്യമന്ത്രി ദിമിത്ര കുളേബ, പ്രതിരോധമന്ത്രി ഒലക്സി റെസ്നിക്കോവ് എന്നിവരുമായി കൂടിക്കാഴ്ച നടത്തി.



## 'അനിയത്തിപ്രാവി'ന് 25 വയസ്; കേക്ക് മുറിച്ച് ആഘോഷിച്ച് കുഞ്ചാക്കോ ബോബൻ

ചീമേനി (കാസർഗോഡ്): പ്രണയവും സൗഹൃദവും കുടുംബാംഗങ്ങളോടുള്ള സ്നേഹവും ഇഴചേർത്തൊരു പാഠം പകർന്നുനൽകിയ ഫാസിലിൻറെ 'അനിയത്തിപ്രാവ്' സിനിമയ്ക്ക് 25 വയസ്. ആ സിനിമയ്ക്കൊപ്പം കൗമാരത്തിൻറെ ഇഷ്ടനായകനായും പിന്നീട് കുടുംബസദസുകളുടെ പ്രിയനായകനായും മാറിയ കുഞ്ചാക്കോ ബോബൻ തൻറെ 99 ാമത്തെ സിനിമയുടെ പണിപ്പുരയിലാണ്. ആദ്യചിത്രത്തിൻറെയും നായകനായുള്ള അഭിനയജീവിതത്തിൻറെയും രജതജൂബിലി കാസർഗോഡ് ജില്ലയിലെ കയ്യൂരിൽ 'ന്നാ താൻ കേസ് കൊട്' എന്ന സിനിമയുടെ ലൊക്കേഷനിൽവച്ച് ഭാര്യ പ്രിയയ്ക്കൊപ്പം കേക്ക് മുറിച്ചാണ് ചാക്കോച്ചൻ ആഘോഷിച്ചത്.

അന്നത്തെ കൗമാരക്കാർക്ക് മനസുനിറഞ്ഞ ഗൃഹാതുരത്വവും പുതുതലമുറയ്ക്ക് എവർഗ്രീൻ ഫ്രഷ്നസും ഒരുപോലെ പകരുന്ന 'ഒരു രാജമല്ലി വിടരുന്നപോൽ' എന്ന പാട്ടിൻറെ പശ്ചാത്തലത്തിലായിരുന്നു ആഘോഷം. സഹ അഭിനേതാക്കളും അണിയറ പ്രവർത്തകരും നിറഞ്ഞ കൈയടിയോടെ ചാക്കോച്ചനെ അഭിനന്ദിച്ചു.

തൻറെ പ്രിയപ്പെട്ട സ്പ്ലെൻഡർ ബൈക്ക് തിരികെ കിട്ടി എന്നതാണ് ഈ അവസരത്തിലെ ഏറ്റവും വലിയ സന്തോഷമെന്ന് കുഞ്ചാക്കോ ബോബൻ പറഞ്ഞു. 'ഓ പ്രിയേ' എന്ന പാട്ടുപാടിയാണ് താൻ ആദ്യമായി സിനിമയിൽ വന്നത്. പ്രിയ എന്നു പേരുള്ളയാൾത്തന്നെ ജീവിതത്തിൽ ഒപ്പംവന്നത് അതിനുശേഷമാണ്. ആ ബൈക്കിൽ പ്രിയയെ പുറകിലിരുത്തി ആലപ്പുഴയും എറണാകുളവുമൊക്കെ ഒന്നു ചുറ്റണമെന്നാണ് ഇപ്പോഴത്തെ ആഗ്രഹമെന്നും ചാക്കോച്ചൻ പറഞ്ഞു. അതും അധികം താമസിയാതെ നടക്കുമെന്നാണ് പ്രതീക്ഷ.

ഗുരുനാഥനായ സംവിധായകൻ ഫാസിലിനെ ഇന്നലെ രാവിലെതന്നെ ഫോണിൽ വിളിച്ച് സ്നേഹസ്മരണ പുതുക്കിയിരുന്നു. 'അനിയത്തിപ്രാവി'ൻറെ നിർമാതാവായ സ്വർഗചിത്ര അപ്പച്ചനെയും ആ ചിത്രത്തിലെ സാങ്കേതിക പ്രവർത്തകരെയും ഇപ്പോഴും നന്ദിപൂർവം ഓർക്കുകയാണെന്ന് ചാക്കോച്ചൻ പറഞ്ഞു.

തമിഴ് നടി ഗായത്രി ശങ്കറാണ് പുതിയ ചിത്രത്തിലെ നായിക. സൈജു കുറുപ്പ്, വിനയ് ഫോർട്ട്, ജാഫർ ഇടുക്കി തുടങ്ങിയവരാണ് പ്രധാന അഭിനേതാക്കൾ. കയ്യൂർ, ചെറുവത്തൂർ, മയ്യിച്ച, തൃക്കരിപ്പൂർ തുടങ്ങിയ സ്ഥലങ്ങളാണ് ലൊക്കേഷൻ. സന്തോഷ് ടി. കുരുവിള നിർമിക്കുന്ന ചിത്രം ജൂലൈ ഒന്നിന് തിയേറ്ററുകളിലെത്തിക്കാനാണ് ലക്ഷ്യമിടുന്നത്.



വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി കുഴിവിള ഗവൺമെന്റ് പി.വി.എൽ.പി. സ്കൂളിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഐ.ബി.സതീഷ് എംഎൽഎ നിർവഹിച്ചു.



മന്ത്രിസഭാ ഒന്നാം വാർഷികാഘോഷത്തിന്റെ സംഘാടക സമിതി രൂപീകരണ യോഗത്തിൽ മന്ത്രിമാരായ വി.ശിവൻകുട്ടി, ആന്റണി രാജു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ് കുമാർ, തിരുവനന്തപുരം ജില്ലാ കളക്ടർ ഡോ.നവ്ജ്യോത് ഖോസ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ എസ് ഹരികിശോർ തുടങ്ങിയവർ പങ്കെടുത്തു

# വന്യജീവി ആക്രമണം: നഷ്ടപരിഹാരത്തിന് 15.43 കോടി അനുവദിച്ചു

വന്യജീവി ആക്രമണത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ ആകെ 15.43 കോടി രൂപ വിനിയോഗിച്ചതായി വനം-വന്യജീവി വകുപ്പുമന്ത്രി എ.കെ.ശശീന്ദ്രൻ അറിയിച്ചു. സംസ്ഥാന ചരിത്രത്തിൽ ആദ്യമായാണ് ഈ ആവശ്യത്തിന് ഇത്രയും വർദ്ധിച്ച തുക അനുവദിച്ചതെന്ന് മന്ത്രി പറഞ്ഞു.

ബജറ്റ് വിഹിതമായി മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും 75 ലക്ഷം രൂപയാണ് നീക്കിവെച്ചിരുന്നത്. ആദ്യം 1.7 കോടിയും ഇപ്പോൾ അഞ്ച് കോടി രൂപയുമാണ് അധിക തുകയായി അനുവദിച്ചിട്ടുള്ളത്. കുടിശിക തുക മുൻഗണനാ ക്രമത്തിൽ ഉടൻ കൊടുത്തു തീർക്കുമെന്ന് മന്ത്രി പറഞ്ഞു. ഇതിനായുള്ള തുക വിവിധ സർക്കിളുകളിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് കൈമാറിയിട്ടുണ്ട്.

വന്യജീവി ആക്രമണത്തിന് വിധേയരായ പാവപ്പെട്ട കുടുംബങ്ങളുടെ പ്രയാസവും ദുരിതങ്ങളും ധനമന്ത്രി കെ.എൻ.ബാലഗോപാലിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് വിഷയത്തിൽ അദ്ദേഹം പ്രത്യേക താത്പര്യമെടുത്തതിന്റെ ഫലമായാണ് തുക അനുവദിച്ചത്.

ഈ തുകയ്ക്ക് പുറമെ കൂടാതെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ എം.ആർ.എം.എ.സി, ബയോഡൈവേഴ്സിറ്റി സംരക്ഷണം എന്നീ രണ്ട് ശീർഷകങ്ങളിൽ നിന്നായി 8,05,45,823 രൂപയും പ്രോജക്റ്റ് എലിഫന്റ് ഫണ്ടിൽ നിന്ന് 57,80,915 രൂപയും വന്യജീവി ആവാസ വ്യവസ്ഥയുടെ സംയോജിത വികസന ഫണ്ടിൽ നിന്നും 10,72,727 രൂപയും ഉൾപ്പെടെ ആകെ 8,73,99,465 രൂപ ഈ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ആകെ 15,43,99,465 രൂപ നഷ്ടപരിഹാരത്തിന് വിനിയോഗിച്ചു. കുടിശിക തുകയിൽ 90 ശതമാനവും കൊടുത്തു തീർക്കും. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി തുക അടുത്ത സാമ്പത്തിക വർഷം ആദ്യം തന്നെ നൽകാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു. വന്യജീവി ആക്രമണം മൂലം ആൾനാശവും കൃഷി നാശവും സംഭവിക്കരുത് എന്ന ഉദ്ദേശത്തോടെ നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. അഞ്ച് വർഷംകൊണ്ട് നടപ്പിലാക്കേണ്ട 620 കോടി രൂപയുടെ ഒരു പദ്ധതിയും വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇത് മുഖ്യമന്ത്രിക്കും കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്കും കൈമാറിയിട്ടുണ്ട്.

# ബാർ ഹോട്ടലുകളുടെ ക്ലാസിഫിക്കേഷൻ പുതുക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാനുള്ള സമയപരിധി നീട്ടും : മന്ത്രി

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാർ, ബിയർ ആന്റ് വൈൻ ലൈസൻസികൾക്ക് ക്ലാസിഫിക്കേഷൻ പുതുക്കാനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് സെപ്റ്റംബർ 30 വരെ സമയം നീട്ടി നൽകിയതായി എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു.

കോവിഡ് നിയന്ത്രണങ്ങൾ മൂലം റീ-ക്ലാസിഫിക്കേഷൻ നടപടികൾക്ക് കാലതാമസം നേരിടുന്നതിനാലാണ് സമയം ദീർഘിപ്പിച്ച് നൽകുന്നത്. നേരത്തെ മാർച്ച് 31 വരെ സമയം നീട്ടിയിരുന്നു. കോവിഡ് പ്രതിസന്ധികൾ മൂലം ടൂറിസം വകുപ്പ് നടത്തുന്ന ഹോട്ടലുകളുടെ പരിശോധന പൂർണ്ണതോതിൽ നടക്കാത്തത് മൂലമാണ് ക്ലാസിഫിക്കേഷൻ നടപടികൾ വൈകുന്നതെന്നും മന്ത്രി വിശദീകരിച്ചു.

# സ്വകാര്യ ബസ്സുടമകൾ പിടിവാശി ഉപേക്ഷിക്കണം: മന്ത്രി ആന്റണി രാജു

സ്വകാര്യ ബസ്സുടമകൾ പിടിവാശി ഉപേക്ഷിച്ച് സമരത്തിൽ നിന്ന് പിൻമാറണമെന്ന് ഗതാഗത മന്ത്രി ആന്റണി രാജു ആവശ്യപ്പെട്ടു. ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബസ് ചാർജ് വർധിപ്പിക്കുവാൻ തീരുമാനിച്ചതാണ്. ബുധനാഴ്ച ചാർജ് വർദ്ധനവ് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുമെന്ന് മന്ത്രി പറഞ്ഞു.

ബസുടമകളുമായും ബന്ധപ്പട്ട മറ്റെല്ലാവരുമായും ചർച്ച ചെയ്താണ് ചാർജ് വർദ്ധനവ് തത്വത്തിൽ അംഗീകരിച്ചത്. ബസുടമസംഘടനാ പ്രതിനിധികൾക്ക് കൂടുതൽ എന്തെങ്കിലും പറയാനുണ്ടെങ്കിൽ കേൾക്കാൻ സന്നദ്ധനാണെന്നു മന്ത്രി പറഞ്ഞു.

ബസ് ചാർജിനോടൊപ്പം ഓട്ടോ ടാക്സി ചാർജ്ജ് വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയെ തുടർന്ന് തൊഴിലാളികൾ സർക്കാരിനെ വിശ്വാസത്തിലെടുത്തിട്ടുണ്ട്. ബസുടമകൾ അവസാനത്തെ സമരായുധം ആദ്യം തന്നെ പ്രയോഗിക്കുകയാണെന്നും മന്ത്രി പറഞ്ഞു. വിദ്യാർഥികളുടെ പരീക്ഷയും ജനങ്ങളുടെ ബുദ്ധിമുട്ടും പരിഗണിച്ച് സമരത്തിൽ നിന്ന് ബസുടമകൾ പിൻമാറണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

# നെടുമങ്ങാട് നഗരസഭയിൽ 74.11 കോടിയുടെ ബജറ്റ് ഉല്പാദനസേവന മേഖലകൾക്ക് ഊന്നൽ

നെടുമങ്ങാട്: നെടുമങ്ങാട് നഗരസഭയിൽ ഉല്പാദനസേവന മേഖകളിലെ വികസന കുതിപ്പിന് ഊന്നൽ നൽകി 74,11,52,390 രൂപ വരവും 68,58,95,000 രൂപ ചെലവും 5,52,57,390 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന 2022 2023 വാർഷിക ബജറ്റ് നഗരസഭ വൈസ് ചെയർമാൻ എസ് രവീന്ദ്രൻ അവതരിപ്പിച്ചു. കൗൺസിൽ യോഗത്തിൽ ചെയർപേഴ്സൺ സി എസ് ശ്രീജ അധ്യക്ഷയായിരുന്നു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവയുൾപ്പടെ ഉല്പാദന മേഖലയിൽ 8.94 കോടി രൂപയും പ്രീപ്രൈമറി, പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി,സാങ്കേതിക വിദ്യാലയങ്ങളുടെ നവീകരണം ഉൾപ്പടെ സേവന മേഖലയിൽ 6.64 കോടിയും തെരുവു വിളക്കുകൾ സ്ഥാപിക്കലും റോഡുകൾ, പാലങ്ങൾ, കലുങ്കുകളുടെ നവീകരണവും അടക്കം പശ്ചാത്തല മേഖലയിൽ 4.86 കോടിയും വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വീടുകൾ നിർമ്മിച്ച് റെക്കോർഡ് നേട്ടം കൈവരിച്ച നഗരസഭ, പിഎംഎവൈ ലൈഫ് പദ്ധതികൾ പ്രകാരം ഭവനരഹിതരായ എല്ലാവർക്കും ഭവനം എന്ന സ്വപ്ന സാക്ഷാൽക്കാരത്തിനാണ് വാർഷിക ബജറ്റിൽ ലക്ഷ്യമിടുന്നതെന്നും ഇത് സമയബന്ധിതമായി നടപ്പാക്കുമെന്നും വൈസ് ചെയർമാൻ വിശദമാക്കി.

അതിദരിദ്രരായി കണ്ടെത്തിയിട്ടുള്ള 111 പേർക്ക് കൂടി ദാരിദ്ര്യ ലഘൂകരണത്തിന് 40 ലക്ഷം രൂപയുടെ പദ്ധതികൾ വിഭാവന ചെയ്തു. അത്യാധുനിക സൗകര്യങ്ങളോടെ മത്സ്യ, മാംസ സംഭരണവും വിതരണവും നടത്താൻ കിഫ്ബി മുഖേന അനുവദിച്ച 27 കോടി രൂപ വിനിയോഗിച്ച് നെടുമങ്ങാട് ടൗണിലും ഇരിഞ്ചയത്തും മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം ഇക്കൊല്ലം ആരംഭിക്കും.

തലസ്ഥാന ജില്ലയിൽ ആയുഷ്മിഷന്റെ ഏക സംരംഭമായ ആയുർവേദ സിദ്ധ ഹോമിയോ ആശുപത്രി നെടുമങ്ങാട് തുടങ്ങും. മൂന്ന് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കും. ദ്രുതഗതിയിൽ പൂർത്തിയാവുന്ന ആധുനിക അറവുശാല ഇടിപി ബയോഗ്യാസ് പ്ലാന്റ് കൂടി നിർമ്മിച്ച് മൃഗഡോക്ടറുടെ സേവനത്തോടെ ഉടൻ പ്രവർത്തന ക്ഷമമാക്കും. കെഎസ്ആർടിസി ബസ് സ്റ്റാന്റിലെ പൊതു ശൗചാലയം നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കും.

അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജീകരിച്ച നീന്തൽ കുളവും പരിശീലന കുളവും നിർമ്മാണം പൂർത്തിയാക്കി സ്പോർട്സ് കൗൺസിൽ സഹകരണത്തോടെ പരിശീലനം ആരംഭിക്കും. ടൗൺ ഹാളിൽ 500 പേർക്ക് ആഹാരം കഴിക്കാൻ കഴിയുന്ന തരത്തിൽ ഡൈനിങ് ഹാളും അടുക്കളയും പൂർത്തിയാക്കി. വിമൻസ് ഹോസ്റ്റൽ നിർമ്മാണവും പൂർത്തിയായി. ആദ്യഘട്ടത്തിൽ 18 വനിതകൾക്ക് പ്രവേശനം അനുവദിക്കും. കിള്ളിയാർ നാലാംഘട്ട ശുചീകരണവും ജൈവവേലി സ്ഥാപിക്കലും തൊഴിലുറപ്പ്, കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെ നിറവേറ്റും. ഇതിനുവേണ്ടി 10 ലക്ഷം രൂപയും നീർച്ചാലുകളും ജലാശയങ്ങളും സംരക്ഷിക്കാൻ 50 ലക്ഷം രൂപയും വകയിരുത്തി.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങളുടെ എണ്ണം ഉയർത്താൻ നാല് കോടി രൂപയും സ്മാർട്ട് അങ്കണവാടികൾ സ്ഥാപിക്കാൻ 15 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ബജറ്റിന്മേലുള്ള ചർച്ച ഇന്ന് രാവിലെ നടക്കും.

# സിവിൽ സർവീസ് പരീക്ഷ 2021: സൗജന്യ അഭിമുഖ പരിശീലനം

യു.പി.എസ്.സി സിവിൽ സർവീസ് മെയിൻ (എഴുത്തു പരീക്ഷ) എഴുതിയവർക്കായി തിരുവനന്തപുരം കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി അഡോപ്ഷൻ സ്കീമിന്റെ ഭാഗമായി നടത്തുന്ന സൗജന്യ അഭിമുഖ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. അഭിമുഖ പരിശീലനത്തിന്റെ ഭാഗമായി ഐ.ഐ.എം അധ്യാപകർ നടത്തുന്ന വ്യക്തിത്വവികസന ക്ലാസുകളും ഐ.എ.എസ്/ഐ.പി.എസ്/ഐ.എഫ്.എസ് ഉദ്യോഗസ്ഥർ നയിക്കുന്ന മോക്ക് ഇന്റർവ്യൂവും ഉണ്ടാവും. യു.പി.എസ്.സി നടത്തുന്ന അഭിമുഖ പരീക്ഷയിൽ പങ്കെടുക്കുന്ന മലയാളി ഉദ്യോഗാർഥികൾക്ക് ഡൽഹി കേരള ഹൗസിൽ സൗജന്യ താമസം, ഭക്ഷണം, ഡൽഹിയിലേക്കും തിരികെയും ഉള്ള വിമാന യാത്ര എന്നിവ സൗജന്യമായിരിക്കും. പരിശീലന പരിപാടി 30 ന് ആരംഭിക്കും.

പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രജിസ്റ്റർ ചെയ്യണം. ഫോൺ: 0471-2313065, 2311654, 8281098863, 8281098862, 8281098861, ഇ-മെയിൽ: റശ്യലര ്യൈരലസ@ഴാമശഹ.രീ, വെബ്സൈറ്റ്: സരെമെ.്യഴ.

# ജില്ലയിലെ ബാങ്കുകൾ 14,699 കോടി രൂപ മുൻഗണനാ വായ്പ നൽകി

തിരുവനന്തപുരം: ജില്ലയിലെ ബാങ്കുകൾ 2021 ഡിസംബർ 21 വരെ 14,699 കോടി രൂപ മുൻഗണനാ വായ്പ നൽകി. ഇതിലൂടെ 136 ശതമാനം ലക്ഷ്യം കൈവരിക്കാൻ ബാങ്കുകൾക്കു കഴിഞ്ഞു. 2021 22ലെ ജില്ലയിലെ മുൻഗണനാമേഖലയിലെ വായ്പാ ലക്ഷ്യം 10,777 കോടി രൂപയാണ്. കാർഷിക മേഖലയിൽ 8,023 കോടി രൂപയും എംഎസ്എംഇ മേഖലയിൽ 4,789 കോടി രൂപയുമാണ് വായ്പാ വിതരണം.

ലീഡ് ബാങ്കായ ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ നേതൃത്വത്തിൽ നടന്ന ജില്ലാതല ബാങ്കിങ് അവലോകനസമിതി യോഗം അഡ്വ. വി കെ പ്രശാന്ത് എംഎൽഎ ഉദ്ഘാടനം ചെയ്തു. ബാങ്കുകൾ തങ്ങൾക്കു ലഭിക്കുന്ന വായ്പാ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കോവിഡ് സാഹചര്യത്തിൽ നിന്ന് ബിസിനസുകാരും വ്യാപാരികളും മറ്റും മുക്തരാവാൻ തുടങ്ങിയതേയുള്ളു. അതിനാൽ റിക്കവറി കാര്യത്തിൽ കുറച്ചുകൂടി സാവകാശം നൽകേണ്ടതുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ടി കെ വിനീത് അദ്ധ്യക്ഷത വഹിച്ചു. സാധാരണ ജനങ്ങളുടെ വായ്പാ കുടിശിക തീർപ്പാക്കുന്നതിൽ ബാങ്കുകൾ കൂടുതൽ ഉദാരമായ സമീപനം സ്വീകരിക്കണം. പരാതികളിൽ നടപടി സ്വീകരിക്കുന്ന കാര്യത്തിലും വേഗതയുണ്ടാകണമെന്ന് അദ്ദേഹം സൂചിപ്പിച്ചു. ഐഒബി ഡപ്യൂട്ടി ജനറൽമാനേജർ വി എച്ച് സുരേഷ് ആമുഖപ്രഭാഷണം നടത്തി. 4 ശതമാനമായിരുന്ന ജില്ലയിലെ വായ്പാ നിക്ഷേപാനുപാതം ഡിസംബറിൽ 67 ശതമാനമായി വർധിച്ചു. 2021 ഡിസംബർ വരെ ജില്ലയിലെ ബാങ്കുകളിലെ നിക്ഷേപം 1,03,831 കോടി രൂപയും വായ്പ 70,183 കോടി രൂപയുമാണ്.

# ലിംഗസമത്വ ബജറ്റുമായി നെയ്യാറ്റിൻകര നഗരസഭ

നെയ്യാറ്റിൻകര: സമസ്ത മേഖലയിലും സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്ന ലിംഗസമത്വ ബജറ്റുമായി നെയ്യാറ്റിൻകര നഗരസഭ. 108,85,75,146 രൂപ വരവും 103,71,15330 രൂപ ചെലവും 5,14,55,816 മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റ് വൈസ്ചെയർപേഴ്സൺ പ്രിയാ സുരേഷ് അവതരിപ്പിച്ചു.

ഇതോടെ ജില്ലയിൽ ലിംഗസമത്വ ബജറ്റ് അവതരിപ്പിക്കുന്ന ഏക തദ്ദേശ സ്വയംഭരണ സ്ഥാപനമായി നെയ്യാറ്റിൻകര നഗരസഭ മാറി. നഗരപരിധിയിൽ പൊതുസ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ ലൈംഗിക പീഠനത്തിനിരയാകാതിരിക്കാൻ വാർഡ് തലത്തിൽ ജെൻഡർ റിസോഴ്സ് സെന്റർ രൂപീകരിക്കും. സ്ത്രീകളുടെ ജോലി, കലാകായിക സാംസ്കാരികാഭിരുചി എന്നിവ പ്രോത്സാഹിപ്പിക്കാൻ അവളിടം പദ്ധതിയും ബജറ്റിൽ ഇടം നേടി. ബഡ്സ് സ്കൂളിനും പദ്ധതിയുണ്ട്.

ഭിന്നശേഷി കുട്ടികൾക്കായി തെറാപ്പി യൂണിറ്റ് ആരംഭിക്കും. കാർഷിക മേഖലയ്ക്ക് ഉണർവും ഉത്തേജനവുമേകാൻ കർഷകശ്രീ അവാർഡ് ഏർപ്പെടുത്തും. അന്യം നിന്നുപോയേക്കാവുന്ന അവസ്ഥയിലായ കളിമൺ പാത്ര നിർമാണം പരിപോഷിപ്പിക്കാൻ മൺപാത്രത്തിൽ പാചകം ചെയ്യൂ ആരോഗ്യം സരക്ഷിക്കൂ എന്ന മുദ്രാവാക്യവുമായി പദ്ധതിക്ക് രൂപം നൽകും.

നെയ്യാറ്റിൻകരയുടെ യശസായ സുഗതകുമാരി ടീച്ചറെയും ജെ സി ഡാനിയേലിനെയും ആദരിക്കാൻ ഇരുവരുടെയും സ്മൃതി മണ്ഡപങ്ങൾ പൂർത്തിയായിവരികയാണ്. അതിന് അർഹിക്കുന്ന പ്രാധാന്യം നൽകും. എന്നും നഗരസഭയ്ക്ക് കീറാമുട്ടിയായ മാലിന്യ സംസ്കരണത്തിന് പരിഹാരമായി എല്ലാ വീടുകളിലും ബയോ ഡസ്റ്റ് ബിന്നുകൾ നൽകും. നഗരസഭാ മേഖലയിൽ അഞ്ച് സബ് സെന്റർ ആശുപത്രികൾ പ്രാവർത്തികമാക്കും. നെയ്യാറ്റിൻകര ആയുർവേദ ആശുപത്രിയെ നൂറ് കിടക്കകളുള്ള ആശുപത്രിയാക്കി മാറ്റാനും ബജറ്റിൻ നിർദേശമുണ്ട്. നഗര സഞ്ചയന പദ്ധതിയിലൂടെ ലഭിക്കുന്ന 61 കോടിയിൽ കുളം, കുടിവെള്ളം, ഖരമാലിന്യ സംസ്കരണം, പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ യാഥാർത്ഥ്യമാക്കും.

നെയ്യാറ്റിൻകര നഗരമധ്യത്തിലെ ഈഴക്കുളത്തിൽ മാലിന്യം ഒഴുകിയെത്തുന്നത് പരിഹരിക്കാനും ബജറ്റിൽ ഇടമുണ്ട്. ദീർഘനാളത്തെ ആവശ്യമായ പെരുമ്പഴുതൂർ ജങ്ഷൻ വികസനത്തിന് ഒരു കോടി കൈമാറിയിട്ടുണ്ട്. ഇത് ഉടൻ യാഥാർത്ഥമാകുമെന്ന് ബജറ്റിൽ എടുത്ത് പറഞ്ഞിട്ടുണ്ട്. ഭവനരഹിതർക്ക് സ്വന്തമായി വീടും ഭൂമിയും നെയ്യാറ്റിൻകര വാസുദേവൻ, നെയ്യാറ്റിൻകര മോഹനചന്ദ്രൻ, വൈകുണ്ഠ സ്വാമി എന്നിവരുടെ സ്മരണയ്ക്കായി പാർക്ക്, സ്മാരകം എന്നിവ നിർമ്മിക്കാനും പദ്ധതിയുണ്ട്. ഗുരുദേവന്റെ തപോഭൂമിയായ അരുവിപ്പുറത്തെ ഗുഹയെ സംരക്ഷിക്കാനും ബജറ്റിൽ നിർദേശമുണ്ട്. നഗരത്തിലെ അതിദരിദ്രരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ പ്രാധാന്യം നൽകും തുടങ്ങിയവയാണ് ഇക്കൊല്ലത്തെ ബജറ്റിലെ പ്രധാനപ്പെട്ട നിർദേശങ്ങൾ. ബജറ്റിന്മേലുള്ള ചർച്ച ഇന്ന് നടക്കും. ചെയർമാൻ പി കെ രാജ്മോഹൻ അധ്യക്ഷനാകും.

# ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ്

2021-22 അധ്യയന വർഷത്തെ ബി.എസ്സി നഴ്സിംഗ് കോഴ്സിലെ ഒഴിവുള്ള സീറ്റുകളിൽ ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് 30 ന് നടത്തും. അപേക്ഷകർ ഓൺലൈൻ രജിസ്ട്രേഷനും പുതിയ കോളേജ്/കോഴ്സ് ഓപ്ഷൻ സമർപ്പണവും www.l-b-sc-e-tnr-e.k-er-a-l-a.gov.in വഴി മാർച്ച് 28 ന് വൈകിട്ട് 5 നകം ചെയ്യണം. എൽ.ബി.എസ് നടത്തിയ മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം നേടിയ അപേക്ഷകർ നിർബന്ധമായും എൻ.ഒ.സി രജിസ്ട്രേഷൻ സമയത്ത് അപ്ലോഡ് ചെയ്യണം. എല്ലാ വിഭാഗക്കാർക്കും അലോട്ട്മെന്റിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 0471 2560363,64.

# പണിമുടക്കിയാൽ 16 ദിവസത്തെ ശമ്പളം പിടിക്കും

കൊച്ചി: ദേശീയ പണിമുടക്കിൽ പങ്കെടുക്കുന്ന തൊഴിലാളികളിൽ നിന്ന് 16 ദിവസത്തെ ശമ്പളം പിടിക്കുമെന്ന ബിപിസിഎൽ നിലപാടിനെതിരെ സംയുക്ത ട്രേഡ് യൂണിയൻ.

ദ്വിദിന ദേശീയ പണിമുടക്കിൽ പങ്കെടുത്താൽ 16 ദിവസത്തെ ശമ്പളം പിടിച്ചുവയ്ക്കുമെന്ന ഭീഷണിക്കത്ത് തൊഴിലാളികൾക്ക് നൽകിയിരിക്കുകയാണ് ബിപിസിഎൽ മാനേജ്മെന്റ്. വ്യവസായ തർക്ക നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ പതിനാല് ദിവസം മുമ്പ് പണിമുടക്ക് നോട്ടീസ് നൽകി നിയമപരമായ ബാധ്യതകളെല്ലാം പാലിച്ചുകൊണ്ട് സംഘടിപ്പിക്കുന്ന പണിമുടക്കിനെതിരായാണ് മാനേജ്മെന്റിന്റെ ഭീഷണി.

2021 നവംബർ 11ന് ഡൽഹിയിലെ ജന്തർമന്ദിറിൽ ചേർന്ന പതിനൊന്ന് ദേശീയ തൊഴിലാളി സംഘടനകളുടേയും, തൊഴിലാളി ഫെഡറേഷനുകളുടേയും ദേശീയ തൊഴിലാളി കൺവെൻഷനാണ് 12 ഇന ആവശ്യങ്ങൾ കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിച്ചുകൊണ്ട് പണിമുടക്ക് പ്രഖ്യാപിച്ചത്. എന്നാൽ പണിമുടക്കിന് ആധാരമായ വിഷയങ്ങളെ സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി ബിപിസിഎൽ മാനേജ്മെന്റ് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണെന്നും ചർച്ചയിലിരിക്കെ പണിമുടക്ക് നടത്തുന്നത് നിയമവിരുദ്ധമായ നടപടിയാണെന്നുമുള്ള വിചിത്രമായ ന്യായം അവതരിപ്പിച്ചാണ് ഭീഷണിക്കത്തിറക്കി തൊഴിലാളികളെ പണിമുടക്കിൽ നിന്നും പിന്തിരിപ്പിക്കാനുള്ള നീക്കം മാനേജ്മെന്റ് നടത്തുന്നത്. കൊച്ചി റിഫൈനറി തൊഴിലാളികൾ പണിമുടക്കിൽ പങ്കെടുത്താൽ മാനേജ്മെന്റിന്റെ അഭിമാനത്തിന് ക്ഷതമേൽക്കുമെന്നും നോട്ടീസിൽ പറയുന്നുണ്ട്.

# പിടിഎ ഭാരവാഹികളെ തിരഞ്ഞടുത്തു

നെടുമങ്ങാട്: നഗരസഭയിലെ ഇടനില മന്നൂർക്കോണം യുപിഎസ് അധ്യാപക രക്ഷാകർതൃ സമിതി പ്രസിഡന്റായി എ എസ് മാഹീനെയും വൈസ് പ്രസിഡന്റായി യൂസഫിനെയും തിരഞ്ഞെടുത്തു.

# പൈതൃക സിനിമാ പോസ്റ്ററുകളുടെ അമൂല്യശേഖരം വില്പനയ്ക്ക്

കൊച്ചി: പഴയ സിനിമാ പോസ്റ്ററുകൾ സൂക്ഷിച്ചുവയ്ക്കുന്നവർ ഉണ്ടോ? അവർക്ക് നല്ല കാലം വരുന്നു. പഴയകാല സിനിമകളുടെ പോസ്റ്ററുകൾ ലേലത്തിന്. കോടികളാണ് മൂല്യം. ഇന്ത്യയുടെ പൈതൃക സിനിമാ പോസ്റ്ററുകളുടെ അമൂല്യ ശേഖരമാണ് വില്പനയ്ക്ക് വരുന്നത്.

ദിലീപ് കുമാർ, സൈറാ ബാനു, ധർമേന്ദ്ര, രാജേഷ് ഖന്ന എന്നിവർക്കും സത്യജിത് റേ, ബിമൽ റോയ് എന്നിവരുടെ സിനിമകൾക്കും ആദരവുകൾ അർപ്പിക്കുക കൂടിയാണ് ഈ വില്പനയിലൂടെ ഉദ്ദേശിക്കുന്നതെന്ന് സംഘടന പറയുന്നു. ആഗോള ഇന്റർനെറ്റിൽ ഇവയൊന്നും ലഭ്യമല്ല.

ഓൺലൈൻ ലേല സംഘടനയായ ഡിറിവാസ് ആന്റ് ഇവ്സിന്റെ ആഭിമുഖ്യത്തിലുള്ള, ഇന്ത്യൻ പൈതൃക സിനിമാപോസ്റ്റർ ശേഖരത്തിന്റെ ലേലം ഏപ്രിൽ എട്ട്, ഒമ്പത് തീയതികളിൽ നടക്കും. ലേലത്തിന്റെ വെബ്സൈറ്റായ ം ം ം. റലൃശ്മഃല. രീ. ൽ നിന്നും കൂടുതൽ വിവരങ്ങൾ അറിയാം. 2002ലെ ഓസിയാൻസ് ഹിസ്റ്റോറിക്കൽ മേള സെയിൽസിനുശേഷം നടക്കുന്ന പ്രഥമ ലേലമാണിത്. ആവാര മുതൽ മദർ ഇന്ത്യ വരെ; മുഗൾഇ അസം മുതൽ ജംഗ്ലീ വരെ; ഖാമോഷി മുതൽ മജ്ബൂർ വരെയുള്ള, അഭ്രപാളിയിലെ ഇതിഹാസ ചിത്രങ്ങളുടെ ആദ്യ ദിവസത്തെ തന്നെ ഒറിജിനൽ പോസ്റ്ററുകൾ ലേലത്തിനെത്തും.

# മറൈൻ സർവെയർ ഓഫീസ് ഉദ്ഘാടനം

വിഴിഞ്ഞം അസിസ്റ്റന്റ് മറൈൻ സർവെയർ ഓഫീസ് ഉദ്ഘാടനം 30ന് രാവിലെ 11.30ന് വിഴിഞ്ഞം ആഴാകുളത്ത് നടക്കും. തുറമുഖ മന്ത്രി അഹമ്മദ് ദേവർ കോവിൽ ഉദ്ഘാടനം ചെയ്യും. അഡ്വ. എം. വിൻസെന്റ് എം.എൽ.എ അധ്യക്ഷത വഹിക്കും.



സംസ്ഥാന അധ്യാപക അവാർഡ് വിതരണം മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കുന്നു

# മെട്രോ തൂണിൻെറ ചെരിവ്; 513 തൂണുകളുടെ അവസ്ഥ പരിശോധിക്കും

കൊച്ചി: കൊച്ചി മെട്രോയുടെ പത്തടിപ്പാലത്തെ 347ാം നമ്പർ തൂണിനു ബലക്ഷയം കണ്ടെത്തിയതിനെത്തുടർന്ന് ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ 513 തൂണുകളുടെ നിർമാണ രേഖകൾ പരിശോധിക്കുന്നു. ആലുവ മുതൽ പാലാരിവട്ടം വരെ ഒന്നാം ഘട്ടത്തിൽ നിർമാണം പൂർത്തിയാക്കിയ തൂണുകളുടെ സാങ്കേതിക വശങ്ങളെക്കുറിച്ചുള്ള രേഖകളാണ് പരിശോധിക്കുന്നത്.

ഓരോ പൈലിൻറെയും സാങ്കേതിക വിവരങ്ങൾ പരിശോധിച്ച് അപാകത കണ്ടെത്തിയാൽ ആ തൂണുകൾ മാത്രം വിശദമായി പരിശോധിക്കുമെന്നു കെഎംആർഎൽ അധികൃതർ അറിയിച്ചു. ഓരോ പൈലിൻറെയും ആഴം, പൈലിനായി നീക്കിയ മണ്ണിൻറെ അളവ്, പൈൽ ഉറപ്പിക്കാനായി കുഴിച്ച പാറയുടെ അളവ്, ഉപയോഗിച്ച് കോൺക്രീറ്റ്, കമ്പി എന്നിവയുടെ അളവ് ഇവയെല്ലാം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതാണ് പരിശോധിക്കുന്നത്.

അതേസമയം, ബലക്ഷയം സംഭവിച്ച തൂണിൻറെ കാര്യത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നു കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ അറിയിച്ചു. തൂണിന് ചെറിയ ചെരിവ് കണ്ടെത്തിയതോടെ കെഎംആർഎൽ എൻജിനിയർമാരുടെ നേതൃത്വത്തിൽ പഠനം നടത്തി. റിപ്പോർട്ട് കൊച്ചി മെട്രോ ബോർഡ് യോഗത്തിൽ ചർച്ച ചെയ്തു. ഈ ഭാഗത്തെ നിർമാണത്തിന് മേൽനോട്ടം വഹിച്ച ഡിഎംആർസി, നിർമാണം നടത്തിയ എൽ ആൻഡ് ടി കമ്പനി എന്നിവരുമായും ആശയവിനിമയം നടത്തി.

# ഐപിഎൽ കാർണിവൽ

മുംബൈ: കഴിഞ്ഞ ഐപിഎൽ ട്വൻറി 20 ക്രിക്കറ്റ് സീസണിൽ നിർത്തിയിടത്തു നിന്നു തുടങ്ങാൻ ചെന്നൈ സൂപ്പർ കിംഗ്സും കഴിഞ്ഞ സീസണിലെ നഷ്ടം നികത്താനായി കോൽക്കത്ത നൈറ്റ് റൈഡേഴ്സും 15ാം പതിപ്പിൻറെ ഉദ്ഘാടന മത്സരത്തിൽ ഇറങ്ങുന്പോൾ പോരാട്ടം വാശിയേറിയതാകും.

നിലവിലെ ചാന്പ്യന്മാരായ ചെന്നൈയും 2021ലെ റണ്ണേഴ്സ് അപ്പായ കോൽക്കത്ത നൈറ്റ് റൈഡേഴ്സും പുതിയ ക്യാപ്റ്റന്മാർക്കു കീഴിലാണ് ഇറങ്ങുന്നത്.

സിഎസ്കെയെ നാലു കിരീടങ്ങളിലേക്കു നയിച്ച മഹേന്ദ്ര സിംഗ് ധോണി ക്യാപ്റ്റൻ സ്ഥാനം ഒഴിഞ്ഞ് രവീന്ദ്ര ജഡേജയെ ഏൽപ്പിച്ചിരിക്കുകയാണ്. കെകെആർ ഇപ്രാവശ്യം ടീമിലെത്തിച്ച ശ്രേയസ് അയ്യരെ ക്യാപ്റ്റനാക്കി നിയമിച്ചിരിക്കുകയാണ്.

പുതിയ നായകന്മാർക്കു കീഴിൽ പുതിയ തുടക്കമിടാനാണ് രണ്ടു ടീമും മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ ഇറങ്ങുന്നത്. രണ്ടു ഗ്രൂപ്പുകളുള്ള ഈ സീസണിൽ ചെന്നൈ ഗ്രൂപ്പ് ബിയിലും കോൽക്കത്ത എയിലുമാണ്.

ഐപിഎലിൽ ഇരുടീമുമായുള്ള ഹെഡ് ടു ഹെഡിൽ ചെന്നൈക്കാണു മേധാവിത്വം. 26 കളികളിൽ ഏറ്റുമുട്ടിയപ്പോൾ 17 ജയം സിഎസ്കെയും എട്ട് ജയം കോൽക്കത്തയും നേടി. ഒരണ്ണത്തിനു ഫലമില്ലായിരുന്നു. 2021ൽ ഫൈനൽ ഉൾപ്പെടെ മൂന്നു മത്സരങ്ങളിലും ജയം സിഎസ്കെയ്ക്കായിരുന്നു.

ഐപിഎലിൽ ക്യാപ്റ്റനായുള്ള ജഡേജയുടെ അരങ്ങേറ്റംകൂടിയാണ്. മികച്ച ഫോമിലുള്ള താരത്തെ ക്യാപ്റ്റൻസിയുടെ ഭാരം പ്രകടനത്തെ ബാധിക്കുമോയെന്നും കണ്ടറിയാം. മോയിൻ അലി ഇന്നത്തെ മത്സരത്തിൽ ഇല്ലാത്തതു ചെന്നൈക്കു തിരിച്ചടിയാണ്.

ഋതുരാജ് ഗെയ്ക്വാദും ഡെവോൺ കോൺവെയും നൽകുന്ന തുടക്കത്തെയാണു ചെന്നൈ പ്രധാനമായും ആശ്രയിക്കുക. ഇവർ നൽകുന്ന തുടക്കം മുതലാക്കാൻ തക്ക കളിക്കാരും ചെന്നൈയുടെ ലൈനപ്പിലുണ്ട്.

മികച്ച ഒരുകൂട്ടം ഓൾറൗണ്ടർമാരാണ് ചെന്നൈയുടെ കരുത്ത്. നായകൻ ജഡേജ, ബ്രാവോ, ശിവം ദുബെ എന്നിവർ ബൗളിംഗിലും ബാറ്റിംഗിലും ഒരേപോലെ മികച്ചവരാണ്. ബൗളിംഗ് ഡിപ്പാർട്ട്മെൻറിലും ചെന്നൈക്കു മികവുള്ളവരുണ്ട്.

മുന്പ് ഡൽഹി ക്യാപ്പിറ്റൽസിൻറെ ക്യാപ്റ്റനായിരുന്ന ശ്രേയസ് അയ്യർക്ക് ഐപിഎലിൽ ക്യാപ്റ്റനായി പരിചയസന്പത്തുണ്ട്. എന്നാൽ, മികച്ചൊരു ഓപ്പണിംഗ് സഖ്യത്തെ കണ്ടെത്താനാവത്തതാണ് ഈ സീസണിൽ കോൽക്കത്തയുടെ പ്രശ്നം.

അജിങ്ക്യ രഹാനെ ടീമിലുണ്ടെങ്കിലും ഫോമിലല്ല. രഹാനെ ഓപ്പൺ ചെയ്താൽ ഒപ്പം മധ്യനിര ബാറ്ററായ വെങ്കിടേഷ് ഓപ്പൺ ചെയ്യേണ്ടിവരും. കഴിഞ്ഞ സീസണിൽ മധ്യനിരയിൽ കളിച്ച് മികച്ച പ്രകടനം നടത്തിയ താരമാണു വെങ്കിടേഷ് അയ്യർ. ശ്രേയസ് അയ്യറും ഫോമിലാണ്.

വെസ്റ്റ് ഇൻഡീസിനെതിരേയുള്ള ട്വൻറി 20 പരന്പരയിലെ മൂന്നു മത്സരങ്ങളിലും അർധസെഞ്ചുറി നേടിയിരുന്നു. നിതീഷ് റാണ, സാം ബില്ലിംഗ്സ്, ആന്ദ്രെ റസൺ, സുനിൽ നരേൻ എന്നിവരുൾപ്പെടുന്ന ബാറ്റിംഗ് ലൈനപ്പ് തകർപ്പൻ ബാറ്റിംഗിനു കഴിവുള്ളവരാണ്. ബൗളിംഗിൽ കോൽക്കത്തയ്ക്കു പാറ്റ് കമ്മിൻസിൻറെ സേവനം തുടക്കത്തിൽ ലഭിക്കില്ല.

## വനിതാ ഐപിഎൽ അടുത്തവർഷം മുതൽ

മുംബൈ: അടുത്ത വർഷം മുതൽ വനിതാ ഐപിഎൽ നടത്താനൊരുങ്ങി ബിസിസിഐ. ആറു ടീമുകളെ ഉൾപ്പെടുത്തിയുള്ള ഐപിഎലിനാണു ബിസിസിഐ തയാറെടുക്കുന്നത്. സാധാരണയായി ഐപിഎൽ പ്ലേ ഓഫ് മത്സരങ്ങൾക്കിടയിൽ മൂന്നു ടീമുകളുടെ വനിതകളുടെ മത്സരങ്ങൾ ടി20 ചലഞ്ചർ എന്ന പേരിൽ നടത്താറുണ്ട്. ഈ വർഷവും ടി20 ചലഞ്ചർ ഉണ്ടാകും. ഇന്നലെ ചേർന്ന ഐപിഎൽ ഗവേണിംഗ് കൗൺസിലാണ് ഇക്കാര്യം തീരുമാനിച്ചതെന്നു ബിസിസിഐ അധ്യക്ഷൻ സൗരവ് ഗാംഗുലി പറഞ്ഞു. എജിഎമ്മിൽ നിന്നുള്ള അംഗീകാരമാണ് ഇനി ലഭിക്കാനുള്ളതെന്നും ഗാംഗുലി അറിയിച്ചു.

# ബിവറേജസ് കോർപറേഷൻ ഓഫീസ് അറ്റൻഡന്റ്: തട്ടിപ്പിനെതിരെ പരാതി നൽകി ഉദ്യോഗാർത്ഥികൾ വ്യാജ പ്രചാരണത്തിൽ വീഴരുത്

ബിവറേജസ് കോർപറേഷൻ ഓഫീസ് അറ്റൻഡന്റ് പി. എസ്. സി നിയമനവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളെ തെറ്റിദ്ധരിപ്പിച്ച് പണത്തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ബിവറേജസ് കോർപറേഷൻ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകി. ഉദ്യോഗാർത്ഥികൾ വ്യാജ പ്രചാരണങ്ങളിൽ വീഴരുതെന്ന് കോർപറേഷൻ എം. ഡി അറിയിച്ചു.

ഓഫീസ് അറ്റൻന്റുമാരുടെ പി. എസ്. സി നിയമനം ത്വരിതപ്പെടുത്താമെന്നും പുതിയ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാമെന്നും വാഗ്ദാനം നൽകിയാണ് ഉദ്യോഗാർത്ഥികളെ തെറ്റിദ്ധരിപ്പിക്കുന്നത്. വിവിധ കമ്പനി, കോർപറേഷനുകളിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് പി. എസ്. സി റാങ്ക് പട്ടികയിൽ നിന്നാണ് ബിവറേജസ് കോർപറേഷനിലെയും ഓഫീസ് അറ്റൻഡന്റ്, ഷോപ്പ് അറ്റൻഡന്റ് ഒഴിവുകൾ നികത്തുന്നത്. നിലവിൽ ഈ റാങ്ക് പട്ടികയിൽ നിന്ന് നിയമനം നടന്നുവരികയാണ്. എല്ലാ ഒഴിവുകളും പി. എസ്. സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമന ശുപാർശ ലഭിച്ചവരുടെ നിയമന നടപടികൾ പുരോഗമിക്കുകയാണെന്നും എം. ഡി അറിയിച്ചു.




# കോൽക്കത്ത നൈറ്റ് റൈഡേഴ്സിന് വിജയത്തുടക്കം

മുംബൈ: ഐപിഎൽ ട്വൻറി 20 ക്രിക്കറ്റിൻറെ 15ാം പതിപ്പിലെ ഉദ്ഘാടന മത്സരത്തിൽ കോൽക്കത്ത നൈറ്റ് റൈഡേഴ്സിനു ജയം. നിലവിലെ ചാന്പ്യൻമാരായ ചെന്നൈ സൂപ്പർ കിംഗ്സിനെ ആറ് വിക്കറ്റിനാണ് കോൽക്കത്ത വീഴ്ത്തിയത്.

ചെന്നൈ ഉയർത്തിയ 132 റൺസ് വിജയലക്ഷ്യം കോൽക്കത്ത 18.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. കോൽക്കത്തയ്ക്കായി ഓപ്പറണറുമാരായ അജിങ്ക്യ രഹാനയും വെങ്കിടേഷ് അയ്യരും മികച്ച തുടക്കമാണ് നൽകിയത്. ഇരുവരും ചേർന്ന് 43 റൺസിൻറെ കൂട്ടുകെട്ട് പടുത്തുയർത്തു.

വെങ്കിടേഷ് അയ്യർ (16), അജിങ്ക്യ രഹാനെ (44), സാം ബില്ലിംഗ്സ് (25), നിതീഷ് റാണ (21),ശ്രേയസ് അയ്യർ (20 നോട്ടൗട്ട്), എന്നിവരുടെ പ്രകടനമാണ് അനായാസ ജയമൊരുക്കിയത്. ടോസ് നേടിയ കോൽക്കത്ത നായകൻ ശ്രേയസ് അയ്യർ ചെന്നൈയെ ബാറ്റിംഗിനു വിടുകയായിരുന്നു. പുറത്താകാതെ 50 റൺസ് നേടിയ മഹേന്ദ്ര സിംഗ് ധോണിയുടെ മികവിലാണ് ചെന്നൈ 131 റൺസിലെത്തിയത്. റോബിൻ ഉത്തപ്പ (28), രവീന്ദ്ര ജഡേജ (26 നോട്ടൗട്ട്) ഭേദപ്പെട്ട ബാറ്റിംഗ് കാഴ്ചവച്ചു.

# പ്രവാസി പെൻഷൻ വർദ്ധിപ്പിച്ചു

കേരള പ്രവാസി ക്ഷേമ ബോർഡ് നൽകുന്ന പ്രവാസി പെൻഷനും ക്ഷേമനിധി അംശദായവും ഏപ്രിൽ ഒന്നു മുതൽ വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായി. 1എ വിഭാഗത്തിന്റെ മിനിമം പെൻഷൻ 3,500 രൂപയായും 1ബി/2എ വിഭാഗങ്ങളുടേത് 3,000 രൂപയായുമാണ് വർദ്ധിപ്പിച്ചത്. അംശദായം അടച്ച വർഷങ്ങൾക്ക് ആനുപാതികമായി 7,000 രൂപ വരെ പ്രവാസി പെൻഷൻ ലഭിക്കും. ഏപ്രിൽ ഒന്നു മുതൽ 1എ വിഭാഗത്തിന് 350 രൂപയും 1ബി/2എ വിഭാഗത്തിന് 200 രൂപയും ആയിരിക്കും പ്രതിമാസ അംശദായം.

# സംസ്ഥാന അധ്യാപക അവാർഡുകൾ വിതരണം ചെയ്തു

സംസ്ഥാന അധ്യാപക അവാർഡ്, പ്രൊഫസർ ജോസെഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ അവാർഡ്, വിദ്യാരംഗം കലാസാഹിത്യ അവാർഡ് എന്നിവയുടെ വിതരണം പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു.

പെൻഷൻ പറ്റുന്ന അദ്ധ്യാപകരിൽ സൗജന്യ സേവനം നൽകാൻ താല്പര്യമുള്ള അധ്യാപകരെ പൊതുവിദ്യാഭ്യാസ രംഗത്ത് ഉപയോഗപ്പെടുത്തുന്നത് പരിഗണനയിലുണ്ട്. അധ്യാപകരുടെ ബുദ്ധിയും അറിവും കഴിവും തുടർന്നും പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം ശിക്ഷക് സദനിൽ നടന്ന ചടങ്ങിൽ ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസം പകരുന്നവരാവണം അധ്യാപകരെന്ന് മന്ത്രി പറഞ്ഞു.

പൊതു വിദ്യഭ്യാസ ഡയറക്ടർ ജീവൻ ബാബു കെ., എസ് സി ഇ ആർ ടി ഡയറക്ടർ ഡോ: ജയപ്രകാശ് ആർ കെ, എസ് എസ് കെ ഡയറക്ടർ ഡോ: സുപ്രിയ എ ആർ, കൈറ്റ് സി ഇ ഒ കെ അൻവർ സാദത്ത്, സീമാറ്റ് ഡയറക്ടർ ഡോ: സാബു കൊട്ടുക്കൽ, എസ ഐ ഇ ടി ഡയറക്ടർ ബി അബുരാജ്, പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (ജനറൽ) സി എ സന്തോഷ്, ഹയർ സെക്കന്ററി വിഭാഗം (അക്കാദമിക്) ജോയിന്റ് ഡയറക്ടർ ആർ സുരേഷ്കുമാർ, വോക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം (കരിക്കുലം) ഡെപ്യൂട്ടി ഡയറക്ടർ അനിൽകുമാർ ടി വി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# കെ റെയിൽ; സമരത്തിനു പിന്നിൽ രാഷ്ട്രീയ ഗൂഢാലോചനയെന്നു മന്ത്രി സജി ചെറിയാൻ

കോട്ടയം: സിൽവർലൈൻ പദ്ധതിക്കെതിരായ പദ്ധതിക്കെതിരായ പ്രതിഷേധത്തിനു പിന്നിൽ ഗൂഢാലോചനയെന്നു മന്ത്രി സജി ചെറിയാൻ. കേരളത്തിലെ കമ്യൂണിസ്റ്റ് സർക്കാരിൻറെ തുടർഭരണം ഏതു വിധേനയും ഇല്ലാതാക്കണം എന്ന ലക്ഷ്യത്തോടെയുള്ള രാഷ്ട്രീയ ഗൂഢാലോചനയുടെ പശ്ചാത്തലത്തിലാണ് സമരം നടക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

നാട്ടുകാരെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് പ്രതിപക്ഷം സമരം നടത്തുന്നത്. സർക്കാരുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരെ ശാരീരികമായും വ്യക്തിപരമായും ആക്ഷേപിച്ചു മാനസികമായി തകർക്കുകയാണ് ലക്ഷ്യം. ജനങ്ങളുടെ ഏറ്റവും വലിയ സ്വപ്നമായ വികസന പദ്ധതിയെ താറടിച്ചുകാണിക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

# ഡി.സി.എ (എസ്), പി.ജി.ഡി.സി.എ പരീക്ഷകൾ മാറ്റി

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ വിവിധ കേന്ദ്രങ്ങളിൽ 24, 25 തീയതികളിൽ നടത്താനിരുന്ന ഡി.സി.എ (എസ്), പി.ജി.ഡി.സി.എ ഫസ്റ്റ് സെമസ്റ്റർ പരീക്ഷകൾ മാറ്റി വച്ചു.

## സൗജന്യ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം: പൈൽസ്, ഫിസ്റ്റുല, ഫിഷർ തുടങ്ങിയ ബുദ്ധിമുട്ടുള്ളവർക്കായി കിംസ്ഹെൽത്തിൽ 27ന് രാവിലെ ഒമ്പതര മുതൽ ഉച്ചയ്ക്ക് പന്ത്രണ്ടര വരെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. കിംസ്ഹെൽത്തിലെ ജനറൽ ആന്റ് മിനിമലി ഇൻവേസീവ് സർജൻ ഡോ. ഷാഫി അലി ഖാൻ രോഗികളെ പരിശോധിക്കും.

# പ്രമേഹ ചികിത്സ

പ്രമേഹരോഗത്തിന് (ഗ്ലൈക്കോമെറ്റ്/ ഗ്ലൈസിഫേജ്/ മെറ്റ്ഫോർമിൻ മാത്രം കഴിക്കുന്ന രോഗികൾക്ക്) തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിലെ ഒ.പി.നമ്പർ 1 ൽ (ദ്രവ്യഗുണ) തിങ്കൾ, വ്യാഴം ദിവസങ്ങളിൽ രാവിലെ എട്ട് മുതൽ ഉച്ചയ്ക്ക് 12.30 വരെ ഗവേഷണാടിസ്ഥാനത്തിൽ സൗജന്യ ചികിത്സ ലഭിക്കും. ഫോൺ: 7356825100.

# ഞായറാഴ്ച റേഷൻകടകൾ തുറന്ന് പ്രവർത്തിക്കും

മാർച്ച് 28, 29 തീയതികളിൽ വിവിധ ട്രേഡ് യൂണിയനുകൾ പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിൽ സാധാരണ ജനങ്ങൾക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ റേഷൻ കടകൾ മാർച്ച് 27 ന് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവായി.

# ഇലക്ട്രിക് സ്കൂട്ടറിൻെറ ബാറ്ററി പൊട്ടിത്തെറിച്ചു അച്ഛനും മകളും മരിച്ചു

വെല്ലൂർ: ഇലക്ട്രിക് സ്കൂട്ടറിൻറെ ബാറ്ററി പൊട്ടിത്തെറിച്ചു വീടിനു തീപിടിച്ച് തമിഴ്നാട്ടിൽ അച്ഛനും മകളും മരിച്ചു. തമിഴ്നാട് വെല്ലൂരിലാണു സംഭവം. ദുരൈവർമ, മകൾ മോഹനപ്രീതി എന്നിവരാണു മരിച്ചത്.

വീടിൻറെ വരാന്തയിൽ ഇലക്ട്രിക് സ്കൂട്ടർ ചാർജു ചെയ്യാനായി വച്ചിരുന്നു. പുലർച്ചെയോടെ സ്കൂട്ടറിൻറെ ബാറ്ററി പൊട്ടിത്തെറിച്ചു തീ പടർന്നു. സമീപമുണ്ടായിരുന്ന മറ്റൊരു ഇരുചക്രവാഹനത്തിനും തീപിടിച്ചിരുന്നു.

തുടർന്നു വീട്ടിലേക്കു തീ പടർന്നതോടെ പുറത്തുകടക്കാനാകാതെ ശുചിമുറിയിൽ അഭയം തേടിയ അച്ഛനും മകളും ശ്വാസംമുട്ടി മരിക്കുകയായിരുന്നുവെന്നാണു പ്രാഥമിക നിഗമനം. വെല്ലൂർ പോലീസ് സ്ഥലത്തെത്തി മൃതദേഹങ്ങൾ ആശുപത്രിയിലേക്കു മാറ്റി. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിനു ശേഷം ബന്ധുക്കൾക്കു വിട്ടുകൊടുത്തു.

# സ്കൂട്ടർ യാത്രികയുടെ മാല പൊട്ടിച്ച യുവാവ് അറസ്റ്റിൽ

മാവേലിക്കര: മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു സമീപം ഇടവഴിയിൽ സ്കൂട്ടർ യാത്രക്കാരിയുടെ 3.5 പവൻ മാല പൊട്ടിച്ചെടുത്തു കടന്നുകളഞ്ഞ മോഷ്ടാവിനെ മാവേലിക്കര പോലീസ് അറസ്റ്റ് ചെയ്തു. കൃഷ്ണപുരം കളീയ്ക്കൽ തറയിൽ സജിത്ത്(സച്ചു 34) ആണ് അറസ്റ്റിലായത്.

മറ്റൊരു കേസിൽ അടൂർ പോലീസ് അറസ്റ്റ് ചെയ്തു റിമാൻഡിൽ കഴിഞ്ഞു വരികയായിരുന്ന ഇയാളെ മാവേലിക്കര ജുഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുമതിയോടെ കൊല്ലം ജില്ലാ ജയിലിൽനിന്നും അറസ്റ്റ് രേഖപ്പെടുത്തി കസ്റ്റഡിയിൽ വാങ്ങുകയായിരുന്നു.

ഫെബ്രുവരി 10 വൈകിട്ട് മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു സമീപമായിരുന്നു സംഭവം. ഇടവഴിയിൽ സ്കൂട്ടറിൽ യാത്ര ചെയ്യുകയായിരുന്ന സ്ത്രീയുടെ 3.5 പവൻ മാല ഇയാൾ പൊട്ടിച്ചെടുത്ത ശേഷം കടന്നുകളയുകയായിരുന്നു.

2021 ഫെബ്രുവരി 17 ന് കണ്ടിയൂരിൽ വയോധികയുടെ മാല പൊട്ടിച്ച കേസിൽ ഇയാളെ മാവേലിക്കര പോലീസ് അറസ്റ്റ് ചെയ്തിരുന്നു. ജനുവരിയിൽ ജാമ്യത്തിലിറങ്ങിയ ശേഷം കോന്നി, അടൂർ , ശാസ്താംകോട്ട, വെൺമണി , പന്തളം , കൊട്ടാരക്കര , മാവേലിക്കര എന്നിവിടങ്ങളിൽ ഇയാൾ മോഷ്ടിച്ച ബൈക്കുമായി കറങ്ങി നടന്നു സ്ത്രീകളുടെ മാല പൊട്ടിച്ച സംഭവങ്ങളിൽ പത്തനംതിട്ട , ആലപ്പുഴ, കൊല്ലം ജില്ലകളിലെ പോലീസ് സംഘങ്ങൾ ഇയാളെ അന്വേഷിച്ചു വരികയായിരുന്നു.

മാർച്ച് രണ്ടിന് അടൂർ പോലീസിൻറെ പിടിയിലാകുകയായിരുന്നു. മാവേലിക്കര പോലീസ് സബ് ഇൻസ്പെക്ടർ വർഗീസ് മാത്യുവിൻറെ നേതൃത്വത്തിൽ ഇയാളെ കസ്റ്റഡിയിൽ വാങ്ങി തെളിവെടുപ്പു നടത്തി. കായംകുളത്തു സ്വർണക്കടയിൽ വിറ്റ മോഷണ സ്വർണം കണ്ടെടുത്തു. എസ്.സി.പി.ഒ പ്രതാപചന്ദ്ര മേനോൻ , സിപിഒമാരായ വി.വി. ഗിരീഷ് ലാൽ, . എസ്. ജവഹർ, .എസ്. സിയാദ് എന്നിവർ അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.